**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3615** **26-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനഃരാരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ലോക്ക് ഡൗൺ ഇളവുകൾ പ്രഖ്യാപിച്ചിട്ടും കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കാത്തതുമൂലം യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ലോക്ക്ഡൗണിൽ ഇളവുകൾ പ്രഖ്യാപിച്ചതിനെ തുടർന്ന്, 2021 മാർച്ച് മാസം നടത്തി വന്നിരുന്ന എല്ലാ സർവ്വീസുകളും ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. എന്നാൽ യാത്രക്കാർ തീരെ കുറവുള്ളതും, ഡീസൽ ചെലവിന് പോലും വരുമാനം ലഭ്യമാകാത്തതുമായ ട്രിപ്പുകളും സർവ്വീസുകളും വരുമാന ലഭ്യത ഉറപ്പ് വരുത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അഭാവത്താൽ പ്രതിദിന സർവ്വീസുകൾക്ക് മുടക്കം വരാത്ത രീതിയിൽ ബസ്സുകൾ ക്രമീകരിക്കുന്നതിനായി ഒരു ജില്ലാതല സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഏതെങ്കിലും സർവ്വീസുകൾ ബസ്സുകളുടെ അഭാവത്താൽ മുടങ്ങുന്ന സാഹചര്യത്തിൽ കേന്ദ്രീകൃത ജില്ലാ സംവിധാനത്തിൽ നിന്നും ബസ് ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി നടത്തുന്ന ദീർഘദൂര സർവ്വീസുകൾക്ക് ആവശ്യമായ ബസ്സുകളും ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | ഡ്രൈവർ-കണ്ടക്ടർ അനുപാതം ക്രമീകരിക്കുന്നതിൽ വന്ന കാലതാമസമാണ് സർവ്വീസുകൾ മുടങ്ങാൻ കാരണമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | നിശ്ചിത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ജീവനക്കാരെ 2021 ഫെബ്രുവരി മാസത്തിലെ പൊതുസ്ഥലം മാറ്റത്തിലൂടെ വിന്യസിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലം മാറ്റം സംബന്ധിച്ച് ചില ജീവനക്കാർ ബഹു. കേരളാ ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ പരാതികൾ പരിഹരിക്കുന്ന നടപടികളാണ് സ്വീകരിച്ച് വന്നത്. ആയതിനാൽ ഡ്രൈവർ-കണ്ടക്ടർ അനുപാതം ക്രമീകരിക്കുന്നതിന്റെ ഭാഗമായി സർവ്വീസുകൾ മുടങ്ങിയിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി. യിൽ നിലവിൽ | (സി) | ബഹു.കേരള ഹൈക്കോടതി WP (C) No. |

| | | | |
|---|---|---|---|
| | പുറപ്പെടുവിച്ച സ്ഥലംമാറ്റ പട്ടിക കോടതി ഇടപെട്ട് റദ്ദാക്കിയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | | 4436/2021-ലേയും അനുബന്ധ കേസുകളിലേയും പൊതു ഉത്തരവിൽ കെ.എസ്.ആർ.ടി.സി 02/2021-ൽ പുറപ്പെടുവിച്ച സ്ഥലംമാറ്റ പട്ടിക നിബന്ധനകൾക്ക് വിധേയമായി മൂന്ന് (3) മാസത്തേക്ക് നിഷ്ക്രിയമായി സൂക്ഷിക്കാൻ മാത്രമാണ് നിർദ്ദേശിച്ചത്. പ്രസ്തുത സ്ഥലംമാറ്റ പട്ടിക കോടതി ഇടപെട്ട് റദ്ദാക്കിയിട്ടില്ല. കെ.എസ്.ആർ.ടി.സി.യിൽ 16.09.2021-ന് പുറപ്പെടുവിച്ച സ്ഥലംമാറ്റ പട്ടികയുടെ അടിസ്ഥാനത്തിൽ വിവിധ ജീവനക്കാരിൽ നിന്നും നിരവധി പരാതികൾ ലഭ്യമായി. ഇത്തരം പരാതികൾ കൂടി പരിഗണിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കുമെന്ന വീക്ഷണത്തിലാണ് 16.09.2021ൽ പുറപ്പെടുവിച്ച സ്ഥലം മാറ്റ ഉത്തരവ് കരടായി പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | പൊതുജനങ്ങൾക്ക് ആവശ്യമായ രീതിയിൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അഭാവത്താൽ പ്രതിദിന സർവ്വീസുകൾക്ക് മുടക്കം വരാത്ത രീതിയിൽ ബസ്സുകൾ ക്രമീകരിക്കുന്നതിനായി ഒരു ജില്ലാതല സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഏതെങ്കിലും സർവ്വീസുകൾ ബസ്സുകളുടെ അഭാവത്താൽ മുടങ്ങുന്ന സാഹചര്യത്തിൽ കേന്ദ്രീകൃത ജില്ലാ സംവിധാനത്തിൽ നിന്നും ബസ് ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി നടത്തുന്ന ദീർഘദൂര സർവ്വീസുകൾക്ക് ആവശ്യമായ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ